കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-8/160 /2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994-256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 25.02.2020

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കാസറഗോഡ്.

പ്രസിഡന്റ് ,

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്. (സെക്രട്ടറി മുഖേന)

സർ,

വിഷയം : കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

**********************************

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/ കെ.എസ്.ഡി.8/160/2020. തിയ്യതി: 25.2.2020

# <u>കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

*********

കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും (I.A.Y.പ്ലാൻ അക്കൗണ്ട് ഒഴികെ), അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മഹേശ.ബി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-2-2020 മുതൽ 14-2-2020വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.കിരൺദാസ്.പി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.വിനോത്കുമാർ.സി | ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.ജെന്ന കുര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 5 | ശ്രീ.സുനിൽകുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എം.ഗൗരി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ജോയ് റോഡ്സ്.എസ് | 01.04.2018 മുതൽ 31.03.2019വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ.**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി. എക്സി. എഞ്ചിനിയർ | പി.കെ.കമലാക്ഷൻ | 1/4/2018 | 31/7/2018 |
| | ശ്രീനിവാസൻ.സി | 1/8/2018- | 16/8/2018 |
| | ഉമേഷ് .എൻ | 17/8/2018 | 31/3/2019 |
| അസി. എഞ്ചിനിയർ | ഷാജ .എം | 1/4/2018 - | 21/6/2018 |
| | വൈശാഖ് .ബി | 22/6/2018- | 31/3/2019 |
| അസി. ഡയറക്ടർ കൃഷി | അനിൽ വര്ഗ്ഗീസ് | 1/4/2018- | 1/7/2018 |
| | ആർജ്ജിത പി.വി ( ഇൻ ചാർജ്) | 2/7/2018 | 28/7/2018 |
| | അനിൽ വർഗ്ഗീസ് | 29/7/2018 | 31/12/2018 |
| | ആർജ്ജിത പി.വി( ഇൻ ചാർജ്) | 01/01/2019 | 31/03/2019 |
| ക്ഷീര വികസന ഓഫീസർ | ബിന്ദു.ഒ.ബി | 1/4/2018 | 31/3/2019 |
| ശിശു വികസന പദ്ധതി ഓഫീസർ | മോനി.ഒ.എൻ | 1/4/2018- | 7/7/2018FN |
| | ബേബി.പി ( ഇൻ ചാർജ്) | 7/7/2018AN | 26/7/2018 |
| | ബിജി.എൽ | 27/7/2018- | 31/3/2019 |
| ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ) | രേഖ .എം.ജി | 1/4/2018 | 6/7/2018FN |
| | ശാന്തി.കെ.പി | 6/7/2018 AN- | 27/7/2018FN |
| | ശൈലജ എസ് | 27/7/2018AN | 31/3/2019 |
| മെഡിക്കൽ ഓഫീസർ | ഡോ. | 1/4/2018- | 31/3/2019 |

| | | | |
|---|---|---|---|
| സി.എച്ച്.സി പെരിയ | എ.ടി രാജ് മോഹൻ | | |
| പട്ടികജാതി വികസന ഓഫീസർ | പി.മിനി | 1/4/2018 | 31/3/2019 |
| വ്യവസായ വികസന ഓഫീസർ | അശോകൻ.എൻ | 1/4/2018 | 31/3/2019 |

**<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-10 |
| 11 | ബഡ്ജറ്റ് രൂപീകണം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-11 |
| 12 | രസീത് പരിശോധന അപാകതകൾ. | 1-12 |
| 13 | ടെണ്ടർഫോമിന്റെ വില ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല. | 1-13 |
| 14 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ് | 1-14 |
| 15 | പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. | 1-15 |
| 16 | വൗച്ചറുകൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെ വാഹനം വാടകയ്ക്കെടുത്തത് -അധികം നല്കിയ തുക നിരാകരിക്കുന്നു. | 1-17 |
| 18 | ട്രഷറി ബിൽബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല | 1-18 |
| 19 | കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-19 |
| 20 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി-മേഖലാ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയും വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവവും. | 1-20 |
| 21 | കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-21 |
| 22 | ജെന്റർ റിസോഴ്സ് സെന്ററിന് അടിസ്ഥാന സൗകര്യം ഒരുക്കൽ-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത ഇനത്തിന് തുക ചെലവഴിച്ചു-അപാകതകൾ | 1-22 |

| | | |
|---|---|---|
| 23 | വാഹന അറ്റകുറ്റപ്പണി ഉയർന്ന നിരക്ക് അനുവദിച്ച അപാകതകൾ | 1-23 |
| 24 | ബ്ലോക്ക് ഓഫീസ് പരിസരത്തെ അപകടാവസ്ഥയിലുള്ള മരങ്ങൾ -ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-24 |
| 25 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടുകൾ TR-7 കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. | 1-25 |
| 26 | ബ്ലോക്ക് പഞ്ചായത്ത് വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കിയത്-വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കിയില്ല. | 1-26 |
| 27 | മെറ്റീരിയൽ റിക്കവറി സെന്റർ @ വെളുത്തോളി - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തത് | 1-27 |
| 28 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപെടാത്ത മേഖലകളിൽ പദ്ധതികൾ നടപ്പാക്കി. | 1-28 |
| | **ഭാഗം II**<br>**വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | **ഭാഗം III**<br>**ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 29 | ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെ വാഹനം വാടകയ്ക്കെടുത്തത് -അധികം നല്കിയ തുക നിരാകരിക്കുന്നു. | 3-1 |
| | **ഭാഗം IV**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം** | |
| 30 | വാർഷികധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


**അനുബന്ധപത്രികകൾ**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്

## <u>ഭാഗം -1</u>

## <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2018-19 | |
|---|---|---|
| തീരുമാനം നമ്പർ തീയ്യതി | 01/2017-18, തീഃ 31.03.2018 | റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കിയില്ല |
| മുന്നിരിപ്പ് | 49,23,438 | |
| വരവ് | 33,99,66,200 | |
| ആകെ | 34,48,89,638 | |
| ചെലവ് | 34,25,50,900 | |
| നീക്കിയിരിപ്പ് | 23,38,738 | |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 2-05-2019 | ------ | ------- |

# 1-3 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 1,88,54,456 |
| വരവ് | 7,55,90,918 |
| ആകെ | 9,44,45,374 |
| ചെലവ് | 7,20,60,085 |
| നീക്കിയിരിപ്പ് | 2,23,85,289 |

# 1-4 ഫണ്ട് വിനിയോഗം

**<u>ഫണ്ട് വിനിയോഗം</u> (<u>അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം</u>)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 40206000 | 40206000 | 39719714 | 486286 | 98.79 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3332000 | 3332000 | 3332000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4677000 | 4677000 | 4650276 | 26724 | 99.42 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4769000 | 4769000 | 4701953 | 67047 | 98.59 |

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്-നോൺറോഡ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല.

<u>ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 39719714 | 39719714 | 39719714 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3332000 | 3332000 | 3332000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4650276 | 4650276 | 4650276 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4701953 | 4701953 | 4701953 | 0 |
| ആകെട്രഷറി തനത് ഫണ്ട്,ജനറൽ പർപ്പസ് ഫണ്ട് | 1110351 | 13191454 | 14301805 | 6133028 | 8168777 |
| ട്രഷറി സംയുക്ത പദ്ധതി | (-)1529002 | 5910672 | 4381670 | 3925617 | 456053 |
| IAYപ്ലാൻ എസ്.ബി.ഐ | 8880882 | 3507365 | 16640785 | 6476332 | 48160 |
| IAYപ്ലാൻ യൂണിയൻ ബാങ്ക് | 4252538 | | | | 10116293 |
| IAYസംസ്ഥാന വിഹിതം എസ്.ബി.ഐ | 58654 | 97506 | 2689510 | 2612310 | 0 |
| IAYസംസ്ഥാന വിഹിതം യൂണിയൻ ബാങ്ക് | 2533350 | | | | 77200 |
| IAYഅഡ്മിൻ | 15381 | 19063 | 34444 | 20568 | 13876 |
| TSC- കെ.ജി.ബി | 2627459 | 104985 | 2732444 | 54793 | 2677651 |
| സിൻഡിക്കേറ്റ് ബാങ്ക് മിസലേനിയസ് | 691988 | 275013 | 967001 | 361056 | 605945 |
| ജില്ലാ സഹകരണ ബാങ്ക് EMS പദ്ധതി | 212780 | 8594 | 221374 | 40 | 221334 |

# 1-5 പദ്ധതി അവലോകനം

<u>ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .</u>

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 82 | 64 | 1 | 17 | 78 |

<u>നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2018-19വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 28728079 | 14 | 19552543 | 68.06 |
| 2 | അസി. എഞ്ചിനിയർ | 39 | 23891833 | 32 | 17822865 | 75 |
| 3 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 3 | 6020996 | 2 | 4213289 | 70 |
| 4 | അസി.ഡയറക്ടർ കൃഷി | 3 | 4262000 | 2 | 2199300 | 52 |
| 5 | ക്ഷീര വികസന ഓഫീസർ | 2 | 2200000 | 2 | 2199300 | 99.97 |
| 6 | ശിശു വികസന പദ്ധതി ഓഫീസർ | 7 | 3211030 | 4 | 1803054 | 56.15 |
| 7 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 3 | 1950000 | 3 | 1594158 | 82 |
| 8 | പട്ടികജാതി വികസന ഓഫീസർ | 6 | 1212850 | 6 | 1198678 | 99 |
| 9 | വ്യവസായ വികസന ഓഫീസർ | 1 | 1900000 | 1 | 600000 | 32 |
| | ആകെ | 82 | 23891833 | 66 | 17822865 | 63 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2883.59 | 318633 | 321516.59 | 318611.80 | 2904.79 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 2883.59 | 318633 | 321516.59 | 318611.80 | 2904.79 |

# 1-7 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിൽ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം മുഖ്യ പങ്കു വഹിക്കുന്നു. ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നു കാണുന്നു.

**a).**ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ മുറികൾ വാടകക്കു നൽകുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ ഉൾപ്പെടുത്തി നാളിതുവരെ ബ്ലോക്ക്പഞ്ചായത്ത് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

**b).**ബ്ലോക്ക് പഞ്ചായത്ത് പല വർഷങ്ങളിലായി വിവിധ സ്ഥാപനങ്ങൾക്ക് പ്രവർത്തിയ്ക്കായി തുക കൈമാറിയിട്ടുണ്ട്. ഇപ്രകാരം വിവിധ പദ്ധതികൾക്കായി നൽകിയ തുകയിൽ, വിനിയോഗ സാക്ഷ്യപത്ര പ്രകാരം പ്രവർത്തി പൂർത്തീകരിച്ചതിനുശേഷം ബാക്കിയുള്ള തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല, സംയുക്ത പ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക തിരിച്ച് ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

**c).**2011 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 5(2), 7(2) എന്നിവ പ്രകാരം സർക്കാർ വകുപ്പുകളുടെ നിർമ്മാണങ്ങൾക്ക് പെർമിറ്റ്(ഫീസ്) ആവശ്യമില്ലെങ്കിലും, നിർമ്മാണം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് നിർമ്മാണത്തിന്റെ വിശദമായ പ്ലാൻ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്ക് സമർപ്പിച്ച് അനുമതി വാങ്ങണം. എന്നാൽ ഇത്തരത്തിലുള്ള അനുമതി ഒരു നിർമ്മാണ പ്രവർത്തികൾക്കും വാങ്ങുന്നില്ല. ഇതു മൂലം നിർമ്മാണ പ്രവർത്തികളിൽ പാലിക്കേണ്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായാണോ നിർമ്മിതികൾ വിഭാവനം ചെയ്യുന്നത്/ മേൽ ചട്ടങ്ങളിലെ നിബന്ധനകൾ അഥവാ സൌകര്യങ്ങൾ ഉൾപ്പെടുത്തുന്നുണ്ടോയെന്നും ഉറപ്പാക്കുന്നില്ല. ഉദാഹരണം- പ്രൊജക്ട് നം- S0073/2018-19 – ഐ.സി.ഡി.എസ് കെട്ടിടത്തിന് മുകളിൽ ജെൻഡർ റിസോഴ്സ് സെന്റർ നിർമ്മാണ(കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്)ത്തിനു വേണ്ട പെർമ്മിറ്റ് കാഞ്ഞങ്ങാട് നഗരസഭയിൽ നിന്നും വാങ്ങിയിട്ടില്ല.

**d).**സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക്പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ബ്ലോക്ക്പഞ്ചായത്ത് അവലംബിച്ചു കാണുന്നു. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന്

ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

**e).**വിവിധവർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. പദ്ധതി ആസൂത്രണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടു തവണ യോഗം ചേർന്നതല്ലാതെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല.

**f).**ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [ സെക്ഷൻ 214 (1എ)]. എന്നാൽ 2018-19ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് 24.3.2018-ലാണ്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചു കാണുന്നു.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-8 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 1.11.2018 | 2013-14 മുതൽ 2017-18വരെ | 24/12/2018 |
| പെർഫോമെൻസ് ഓഡിറ്റ് | 24.1.2020 | 01/04/2018 മുതൽ /31/03/2019വരെ | റിപ്പോർട്ട് ലഭിച്ചില്ല |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-2-2020 തീയതിയിൽ 11.00AM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ബാലൻസ് തുക 8500രൂപ പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ

1. ബാലൻസ് ഷീറ്റ് B-4, B-7, B-9 എന്നീ ഷെഡ്യൂളുകൾ പ്രകാരം ആകെ ബാധ്യത 2,80,47,179 രൂപയാണ്. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരം ആകെ നീക്കിയിരിപ്പ് 2,23,85,289 രൂപയുമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യത നീക്കിയിരിപ്പ തുകയേക്കാൾ 56.61 ലക്ഷം രൂപ അധികമാണ്. ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിലെ 320700203, 320700205, B-9 ഷെഡ്യൂളിലെ 350800199 എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയ ബാധ്യതകളുടെ കൃത്യത പരിശോധിച്ചുറ പ്പാക്കേണ്ടതാണ്.
2. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസനഫണ്ട് വരവ് 39719714 രൂപയാണ്, എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 39727714 രൂപയുമാണ് ഇവ തമ്മിൽ 8000 രൂപയുടെ വ്യത്യാസം കാണുന്നു.
3. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 1,31,620/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
4. പ്രത്യേക ഉദ്ദേശപദ്ധതികൾക്കായി ആരംഭിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശ വരവ് ആയതുമായി ബന്ധപ്പെട്ട ഹെഡ്ഡുകളിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്. ഐ.എ.വൈ പ്ലാൻ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ തുകകൾ ഭാഗികമായി പലിശ വരവ് എന്ന ഹെഡ്ഡിലാണ് (171100101) ഉൾപ്പെടുത്തിക്കാണുന്നത്. ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. തൊഴിലുറപ്പ് പദ്ധതി ഭരണച്ചലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വരവ് ചെലവ് വിവരങ്ങൾ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. സുലേഖ ചെലവ് പത്രിക പ്രകാരം വിവിധ റോഡ് ടാറിങ്ങ് പ്രവൃത്തികൾക്ക് 2018-19 വർഷം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ B-11ഷെഡ്യൂളിൽ 410300102 (Road Tarred) എന്ന ഹെഡ്ഡിൽ ഇതനുസരിച്ചുള്ള വർദ്ധന വരുത്തിയിട്ടില്ല. മുൻവർഷത്തെ തുക തന്നെയാണ് ഈ വർഷവും പ്രസ്തുത ഹെഡ്ഡിൽ ചേർത്ത് കാണുന്നത്.

# 1-11 ബഡ്ജറ്റ് രൂപീകണം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

31.03.2018-ലെ ഭരണസമിതി തീരുമാന നമ്പർ 1/31.03.2018 പ്രകാരമാണ് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുള്ളത്. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാനുവൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ്

തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചല്ല 2018-19ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 23/03/2018 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് ബജറ്റ് അംഗീകരിച്ചു. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബഡ്ജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി Monthly Progress Report, Annual Review Progress Report എന്നിവ തയ്യാറാക്കിയിട്ടില്ല.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

# 1-12 രസീത് പരിശോധന അപാകതകൾ.

രസീത് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി

1)രസീതി ബുക്കുകളുടെയും സാംഖ്യ രസീതുകളുടേയും വരവ്, വിതരണ വിവരം എന്നിവ രേഖപ്പെടുത്താൻ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ ഫോമുകളുടെ വിവരം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിലാണ് ഇവയുടെ വിവരം രേഖപ്പെടുത്തുന്നത്. പിരിക്കുന്ന തുകയുടെ വിവരം രേഖപ്പെടുത്താൻ കളക്ഷൻ രജിസറ്ററും സൂക്ഷിക്കുന്നില്ല.

2)ഓഫീസിൽ നിലവിൽ ഉപയോഗിക്കുന്ന റസീറ്റ് ബുക്ക് (ഇന്ററപ്റ്റഡ് റസീറ്റ്) സ്റ്റോക്കിൽ എടുത്തിരിക്കുന്നത് 19.12.2017 നാണ് (ബുക്ക് നം 1078). ഈ തീയ്യതി മുതൽ ഓഡിറ്റ് തീയ്യതിവരെയും തുടർച്ചയായി ഉപയോഗിച്ച് വരുകയാണ് ചെയ്യുന്നത്. ഇത് ശരിയായ നടപടിയല്ല. ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും ബാക്കി വരുന്ന രശീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്. ഇത് പാലിച്ചതായി കാണുന്നില്ല. മുൻ വർഷങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും(ബുക്ക് നം 1076, 1077), മെഡിക്കൽ ഓഫീസർ പി.എച്ച്.സി ക്കും(ബുക്ക് നം 1079) നല്കിയ രസീത് ബുക്കുകൾ ബ്ലോക്ക് ഓഫീസിൽ തിരികെ നല്കാതെ മേൽ ഉദ്യോഗസ്ഥർക്ക് പുതിയ രസീത് ബുക്കുകൾ (ബുക്ക് നം 1080, 1081) നല്കിയതായി കാണുന്നു.

3)വരവ് രശീതി കൈകാര്യം ചെയ്യുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം സെക്ഷനെ ചുമതലപ്പെടുത്തിയതായിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രശീതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അജണ്ട വെച്ച് ചർച്ച ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18-19/13.02.2020) മറുപടി ലഭിച്ചിട്ടില്ല. രസീതി ബുക്കുകളുടെ വരവ്, വിതരണ വിവരം എന്നിവ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും, ഇവയുടെ ഉപയോഗം സാമ്പത്തിക വർഷം അനുസരിച്ച് ക്രമപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻ വർഷങ്ങളിൽ നല്കിയ രസീത് ബുക്കുകൾ തിരികെ വാങ്ങി ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്. കൂടാതെ രശീതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വിശദമായ ഓഫീസ് ഉത്തരവ് പുറപ്പെടുവിപ്പിക്കേണ്ടതും ഇത് കൃത്യമായി പാലിക്കുന്നുണ്ടന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-13 ടെണ്ടർഫോമിന്റെ വില ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.

GO(MS) No 232/2013/LSGD/25-06-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2018-19വർഷം ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 16 പ്രവർത്തികളിലായി ആകെ 85,372 രൂപ ലഭിക്കാനുണ്ട്.ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-14 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സി.എച്ച്.സി. പെരിയയിൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ 2017-18,2018-19 വർഷത്തെ വാർഷിക കണക്കുകൾ നാളിതുവരെയായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

# 1-15 പാലിയേറ്റീവ് കെയർ - രോഗികളുടെ പേര്

## വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,പെരിയ) |
|---|---|
| പ്രോജക്ട് നമ്പർ | 105/2018-19 |
| പ്രോജക്ടിന്റെ പേര് | വിദഗ്ദ പാലിയേറ്റിവ് പരിചരണം |
| അടങ്കൽ | ₹ 7,60,000(വികസനഫണ്ട്) |
| ചെലവ് | ₹7,26,607 |

29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവിൻപ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വൗച്ചറുകൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,പെരിയ) |
|---|---|
| പ്രോജക്ട് നമ്പർ | 105/2018-19 |
| പ്രോജക്ടിന്റെ പേര് | വിദഗ്ദ പാലിയേറ്റിവ് പരിചരണം |
| അടങ്കൽ | ₹ 7,60,000(വികസനഫണ്ട്) |
| ചെലവ് | ₹7,26,607 |

മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബിൽ നമ്പർ 19/2018-19 തിയതി 5.2.19 പ്രകാരം 1,65,366 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.,എന്നാൽ ഈ തുക ചെലവഴിച്ചത് സംബന്ധിച്ച വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 1,65,366 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-17 ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെ

# വാഹനം വാടകയ്ക്കെടുത്തത് -അധികം നല്കിയ തുക നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,പെരിയ) |
| പ്രോജക്ട് നമ്പർ | 105/2018-19 |
| പ്രോജക്ടിന്റെ പേര് | വിദഗ്ദ പാലിയേറ്റിവ് പരിചരണം |
| അടങ്കൽ | ₹ 7,60,000 (വികസനഫണ്ട്) |
| ചെലവ് | ₹7,26,607 |

മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലിയേറ്റിവ് വാഹന വാടക നല്കുന്നതിനും പാലിയേറ്റിവ് ഹോം കെയർ ടീമിന് ഭക്ഷണ ചെലവ് നല്കുന്നതിനും മറ്റുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ട്രഷറിയിൽ നിന്നും ബിൽ മുഖേന തുക പിൻവലിച്ചിട്ടുണ്ട്.

സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 29.10.15ലെ സ.ഉ.(സാധ)3217/15 തസ്വഭവ ഉത്തരവ് ഖണ്ഡിക 2.6.5-3 പ്രകാരം പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായി വാഹനം ദിവസ വാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക താഴെ കൊടുക്കുന്നു.

| ഓടുന്ന ദൂരം | 15-24 KM | 25-34 KM | 35-44 KM | 45-54 KM |
|---|---|---|---|---|
| പരമാവധി തുക | 800/- | 900/- | 1,000/- | 1,100/- |

പരമാവധി ദിവസ വാടക 1100 രൂപയായിരിക്കെ 2018-19 വർഷത്തിൽ ഒട്ടേറെ ദിവസങ്ങളിൽ 1100 ലധികം രൂപ പാലിയേറ്റിവ് കെയർ വാഹന വാടക ഇനത്തിൽ നല്കിയിട്ടുണ്ട്. (ജയരാജ് കെ, ഉദയപുരം KL60B 8609 എന്നവർക്കാണ് തുക നല്കിയിട്ടുള്ളത് വാഹന വാടക ഇനത്തിൽ ഒരു ദിവസം 1100 ലധികം രൂപ നല്കുന്നത് 29.10.15ലെ സ.ഉ.(സാധ)3217/15 തസ്വഭവ ഉത്തരവ്) ഖണ്ഡിക 2.6.5-3 പ്രകാരം അനുവദനീയമല്ല.

അതു പോലെ തന്നെ സർക്കാർ ഉത്തരവ് കൈ 2218/ത സ്വ ഭ വ തീയതി 14.2.18 ഖണ്ഡിക 7.8.2പ്രകാരം പാലിയേറ്റിവ് ഹോം കെയർ ടീമിന് ഒരുദിവസം ഭക്ഷണ ചെലവിനത്തിൽ നല്കാവുന്ന പരമാവധി തുക 250 രൂപയാണ്. 2018-19 വർഷത്തിൽ ഒട്ടേറെ ദിവസങ്ങളിൽ പാലിയേറ്റിവ് ഹോം കെയർ ടീമിന് ഒരുദിവസം ഭക്ഷണ ചെലവിനത്തിൽ നല്കാവുന്ന പരമാവധി തുകയായ 250 രൂപയെക്കാൾ അധികം തുക നല്കിയിട്ടുണ്ട് . ആയത് അനുവദനീയമല്ല . ഇക്കാര്യം വിശദമായി ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 3-1ൽ പ്രതിപാദിച്ചിട്ടുണ്ട്.

വാഹന വാടക ഇനത്തിൽ അധികം നല്കിയ തുകയായ7220രൂപയും പാലിയേറ്റിവ് ഹോം കെയർ ടീമിന് ഭക്ഷണ ചെലവിനത്തിൽ അധികം നല്കിയ തുകയായ 74070രൂപയും ഓഡിറ്റിൽ നിരാകരിക്കുന്നു.നിരാകരിച്ച തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-18 ട്രഷറി ബിൽബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല

മെഡിക്കൽഓഫീസർ (സി.എച്ച്.സി,പെരിയ) നിർവ്വഹണ ഉദ്യോഗസ്ഥനായി 3 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ 3 പ്രോജക്ടുകളുടെ ആകെ അടങ്കൽ 19,50,000 രൂപയും ആകെ ചെലവ് 15,94,158 രൂപയും ആണ്. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,പെരിയ)യുടെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയപ്പോൾ ട്രഷറി ബിൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,പെരിയ)ക്ക് 1/12.2.2020 നമ്പരായി ഓഡിറ്റ് റിക്വസിഷൻ നല്കിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.ട്രഷറി ബിൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-19 കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ജനറൽ സ്റ്റോക്ക് രജിസ്റ്ററിലാണ് കമ്പ്യൂട്ടറിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് ചേർത്തിരിക്കുന്നത്. എന്നാൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് സർക്കുലർ നം. 86/2010/ഫിൻ. തീ.24/09/2010 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ കമ്പ്യൂട്ടറുകളുടെ വാറന്റി/എ.എം.സി തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല. കൂടാതെ സോഫ്റ്റ്‌വേയറുകൾ സ്കാനറുകൾ, സെർവർ, പ്രിന്ററുകൾ, കോപ്പിയറുകൾ, പെൻഡ്രൈവ്, ഹാർഡ് ഡിസ്ക് ഡ്രൈവുകൾ, ആന്റി വൈറസ് സോഫ്റ്റ്‌വേയർ ഉൾപ്പടെയുള്ള സോഫ്റ്റ്‌വേയറുകൾ എന്നിവയും ഈ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി-മേഖലാ ചുമതലകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയും വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവവും.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടാണ് നെൽകൃഷിക്ക് കൂലി ചെലവ് സംയുക്തം (പ്രൊജക്ട് നമ്പർ S0035/19). ബിൽ നമ്പർ 1/18-19 തീയതി.15-09-2018 പ്രകാരം വികസന ഫണ്ടിൽ നിന്നും 48,45,000രൂപ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക്, നെൽകൃഷി ചെയ്ത കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്ത് | കൈമാറിയ തുക |
|---|---:|
| പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് | 13,60,000 |
| ഉദുമ ഗ്രാമപഞ്ചായത്ത് | 4,25,000 |
| അജാനൂർ ഗ്രാമപഞ്ചായത്ത് | 11,47,500 |
| പള്ളിക്കര ഗ്രാമപഞ്ചായത്ത് | 10,62,500 |

| | |
|---|---|
| മടിക്കൈ ഗ്രാമപഞ്ചായത്ത് | 8,50,000 |
| ആകെ | 48,45,000രൂപ |

പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് ഗ്രാമപഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, ഇതുവരെ ലഭ്യമാക്കിയിട്ടില്ല. കൂടാതെ തുക ചെലവഴിച്ചതിന് വിനിയോഗസാക്ഷ്യപത്രം എല്ലാ സ്ഥാപനങ്ങളും ഹാജരാക്കിയിട്ടുമില്ല.

പുല്ലൂർ പെരിയ GP-യിലെ കൃഷി ഓഫീസറുടെ 30.01.2019-ലെ KBPP.3/2018-19-നം കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കൈമാറി നല്കിയ 13,60,000-രൂപയിൽ, 9,44,311 രൂപ മാത്രമെ ചെലവുള്ളൂ എന്നും, 4,15,689 രൂപ സറണ്ടർ ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കാനുള്ള അനുമതിയും തേടിയിരുന്നു. തുടർന്ന് ബ്ലോക്ക് കൃഷി അസിസ്റ്റന്റെ് ഡയറക്ടർ ഇ(2)38/2018 31.1.2019-കത്ത് പ്രകാരം ഏത് ഹെഡിലാണ് ഈ തുക അടവാക്കേണ്ടതെന്ന് ബി.ഡി.ഒ-യോട് ആരാഞ്ഞിരുന്നു, തുടർന്ന് ബി.ഡി.ഒ-യുടെ സി.2456/17 21.2.2019-നം കത്ത് പ്രകാരം 3604-00-911-99 ROP-എന്ന ഗവ-ഹെഡിലാണ് തുക ഒടുക്കേണ്ടതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും, തുക സഞ്ചിത നിധിയിൽ തിരികെ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സംയുക്ത പദ്ധതികൾക്കായി വികസനഫണ്ട് കൈമാറുന്നതിന് മുമ്പായി കൃത്യമായ ആവശ്യകത നിർണ്ണയിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് 172(1) ഉപവകുപ്പ് 4ാം പട്ടികപ്രകാരം പ്രതിപാദിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റാൻ പര്യാപ്തമായ പ്രോജക്ടുകളല്ല സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടുള്ളത്. കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ആയതിന്റെ യുക്തി, ക്ഷമത, പ്രായോഗികത എന്നിവ വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്ത് ഉറപ്പുവരുത്തി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-2 തീയ്യതി 11-02-2020) മറുപടി നൽകിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും **മേൽ വിവരിച്ച പ്രകാരമുള്ള കൈപ്പറ്റ് രസീതികൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ, ചലാൻ രസീതി എന്നിവയുടെ** അഭാവത്തിൽ 48,45,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

# 1-21 കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷം കമ്പ്യൂട്ടർ വാങ്ങലിനായി താഴെപ്പറയുന്ന 2 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പരും പേരും | വാങ്ങിയകമ്പ്യൂട്ടറുകൾ മറ്റ് ഉപകരണങ്ങൾ, എണ്ണം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവു തുക,ട്രഷറി ബിൽ നമ്പരും തീയതിയും |
|---|---|---|---|
| എസ് 030/ 2019, കാഞ്ഞങ്ങാട് ക്ഷീര വികസന യൂണിറ്റിന് ഇടക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ | ഡെസ്ക്ടോപ്പ്- 1 എണ്ണം, | ക്ഷീര വികസന ഓഫീസർ | 99,300 രൂപ, bill-no-2/18-19, തീയതി.05.02.19 |

| | | | |
|---|---|---|---|
| | ലാപ് ടോപ്പ്- 1എണ്ണം, പ്രിന്റർ- 1 എണ്ണം. | | |
| എസ് – 134 / 2019, പട്ടികജാതി വികസന ഓഫീസർക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ. | ഡെസ്ക്ടോപ്പ്-1എണ്ണം, പ്രിന്റർ-1എണ്ണം, യു.പി.എസ്- 1 എണ്ണം. | പട്ടികജാതിവികസന ഓഫീസർ | 43,000 രൂപ, billno- 10/18-19, തീയതി.30.01.19, 9,150 രൂപ, billno-11/18-19, തീയതി.09.02.19 |

മേൽപ്പറഞ്ഞിരിക്കുന്ന കമ്പ്യൂട്ടർ വാങ്ങലുകൾ നടത്തിയിരിക്കുന്നത് ടെണ്ടർ നടപടി മുഖേനയാണ്. സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഒരു ഓൺലൈൻ സർക്കാർ പോർട്ടൽ (www.cprcs.kerala.gov.in), സംസ്ഥാന വിവര സാങ്കേതിക വകുപ്പിന്റെ 18.11.2017 ലെ സർക്കാർ ഉത്തരവ് (എം.എസ്) 24/2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് വിവര സാങ്കേതിക വകുപ്പിന്റെ 18.03.2019 ലെ ഐ.റ്റി. സെൽ -1/26/2019 നമ്പർ സർക്കുലർ പ്രകാരം സർക്കാർ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

സർക്കാരിന്റെ വെബ് പോർട്ടലായ www.cprcs.kerala.gov.in ൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ മുതലായവ വാങ്ങുന്നതിന് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനമല്ലാതെ വ്യത്യസ്ത ടെണ്ടറുകളോ, സ്വകാര്യ ഏജൻസികൾ മുഖാന്തിരമുള്ള നേരിട്ടുള്ള പർച്ചേസോ അനുവദിക്കുന്നതല്ല എന്നും പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലുകൾ സർക്കാർ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ തന്നെ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 ജെന്ററർ റിസോഴ്സ് സെന്ററിന് അടിസ്ഥാന സൗകര്യം ഒരുക്കൽ-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത ഇനത്തിന് തുക ചെലവഴിച്ചു-അപാകതകൾ

2018-19 വർഷം നിർവ്വഹണ ഉദ്യോഗസ്ഥ ശിശുവികസന പദ്ധതി ഓഫീസർ നടപ്പിലാക്കിയ ജെന്റർ റിസോഴ്സ് സെന്ററിന് അടിസ്ഥാന സൗകര്യം എന്ന പദ്ധതി പ്രകാരം (പ്രൊ.നം 51/18-19) വിവിധ ഉപകരണങ്ങൾ ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് 4.5 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കുകയും , (ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2.5 ലക്ഷം ജില്ലാപഞ്ചായത്ത് വിഹിതം 2 ലക്ഷം) ഇതനുസരിച്ച് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻർപ്രൈസിൽ നിന്നും ചുവടെ ചേർത്ത ഉപകരണങ്ങളും ഫർണിച്ചറും ഓഡിറ്റ് വർഷം വാങ്ങുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | ടെലിവിഷൻ | 1 |
| 2 | പബ്ലിക് അഡ്രസ് സിസ്റ്റം | 1 |
| | | |

| | | |
|---|---|---|
| 3 | പ്രൊജക്ടർ | 1 |
| 4 | പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങൾ | 1 |
| 5 | വാട്ടർ പ്യൂരിഫയർ | 1 |
| 6 | എയർകണ്ടീഷണർ .75 ടൺ | 3 |
| 7 | എയർ കണ്ടീഷണർ 1 ടൺ | 1 |
| 8 | കസേര | 60 |
| 9 | മേശ (ഡയസ്സ് ) | 2 |
| 10 | മേശ | 2 |
| 11 | അലമാര | 2 |
| 12 | കസേര (ഡയസ്സ്) | 8 |

മേൽ സാധനങ്ങൾ വിതരണം ചെയ്തതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻർപ്രൈസ് ലഭ്യമാക്കിയ ഇൻവോയ്സ് നം PKDBC/0000375/ 19-3-2019 പ്രകാരം 4,50,000 രൂപയാണ് നൽകേണ്ടത് . ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ലഭിച്ച 2 ലക്ഷം രൂപ (ചെക്ക് നം.2082221/29-3-2019) ഓഡിറ്റ് വർഷവും, വികസനഫണ്ട് വിഹിതത്തിൽ നിന്നും 58368/- രൂപ 2019-20 വർഷവും മേൽ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിനും, നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

**1)സർക്കാർ മാർഗ്ഗരേഖപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നിർവ്വഹിക്കുവാൻ അനുമതിയില്ലാത്തയിനത്തിന് തുക ചെലവഴിച്ചിരിക്കുന്നു.**

സ.ഉ.(എം.എസ്) നം 72/2018 തി.21.5.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതാ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആരംഭിക്കുന്ന ജെന്റർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജെന്റർ റിസോഴ്സ് സെന്ററുകൾക്ക് ആരംഭിക്കേണ്ടത് ജില്ലാ / ഗ്രാമ പഞ്ചായത്ത്/ നഗരസഭ തലത്തിലാണ് . ഇതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്ത്/ നഗരസഭ /കോർപ്പറേഷൻ തുടങ്ങിയ പ്രാദേശിക സർക്കാറുകൾക്കാണ് . ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുമതിയില്ല.

**2) അനാവശ്യ ഉപകരണങ്ങൾ -പൊതുപണം ദുർവിനിയോഗം ചെയ്തിരിക്കുന്നു**

മേൽ സർക്കാർ ഉത്തരവ് പ്രകാരം ജെന്റർ റിസോഴ്സ് സെന്ററുകൾക്ക് ആവശ്യമായ ഭൗതീക സൗകര്യങ്ങൾ ഏതൊക്കെയെന്ന് പരാമർശിക്കുന്നുണ്ട്. ഇതുപ്രകാരം ജെന്റർ റിസോഴ്സ് സെന്ററുകൾക്ക് ആവശ്യമായ ഫർണിച്ചർ (മേശ, കസേര, റാക്കുകൾ, രജിസ്റ്ററുകൾ), സന്ദർശകർക്കുള്ള ഇരിപ്പടം, കമ്പ്യൂട്ടർ ഇന്റർനെറ്റ് സൗകര്യം എന്നിവ ഗ്രാമ /നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥാപിക്കാം. ഇവയൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്നതല്ലെങ്കിലും ഫർണിച്ചറുകൾക്ക് പുറമേ മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമല്ലാത്ത ഏയർ കണ്ടീഷണർ, പ്രൊജക്ടർ, ടി.വി , പബ്ലിക് അഡ്രസ്സ് സിസ്റ്റം, വാട്ടർപ്യൂരിഫെയർ തുടങ്ങിയ ഇനങ്ങൾ കൂടി വാങ്ങിയിട്ടുണ്ട്. ഇതിൽ പ്രൊജക്ടർ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വാട്ടർപ്യൂരിഫെയർ തുടങ്ങിയ ഉപകരണങ്ങൾ ഇതുവരെയും സ്ഥാപിക്കാതെ വാറന്റി/റിപ്ലേസ്മെന്റ് കാലയളവ് പാക്കറ്റിനുള്ളിൽ തന്നെ അവസാനിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

ശിശുവികസന പദ്ധതി ഓഫീസിന്റെ ഒന്നാം നിലയിൽ ജെന്റർ റിസോഴ്സ് സെന്ററിന്റെ പേരിൽ നിർമ്മിച്ച കെട്ടിടത്തിലാണ് പദ്ധതിയുടെ പേരിൽ വാങ്ങിയ എ.സികൾ സ്ഥാപിച്ചിട്ടുള്ളത്. ഷീറ്റ് ഇട്ട് നിർമ്മിച്ച കെട്ടിടത്തിലെ ചൂട് കുറയ്ക്കാൻ പദ്ധതിയുടെ മറവിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പ്രകാരം അനുവദനീയമല്ലാത്ത എയർകണ്ടീഷണർ സ്ഥാപിച്ച് വീണ്ടും തുക ചെലവ് ചെയ്തത് ധനദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. അതുപോലെ പദ്ധതിപ്രകാരം വാങ്ങി ഒരുവർഷമായിട്ടും പാക്കറ്റ് പോലും തുറക്കാതെ സൂക്ഷിച്ചിരിക്കുന്ന വാട്ടർ പ്യൂരിഫയർ, പ്രൊജക്ടർ, പബ്ലിക് അഡ്രസ്സ് സിസ്റ്റം തുടങ്ങിയവ പദ്ധതിപണ ദുർവിനിയോഗത്തിന്റെ മറ്റ് ഉദാഹരണങ്ങളാണ്.

**3) വാങ്ങൽ നടപടികളിലെ അപാകതകൾ**

